# Malayala Manorama

## 15 August 2018

## Kakkanad: Heavy rain, Camp reopens



# മഴ കനത്തു; പൂട്ടിയ ദുരിതാശ്വാസ ക്യാംപുകൾ വീണ്ടും തുറക്കുന്നു

**എട്ടു ക്യാംപുകൾ അവശേഷിച്ചിരുന്നിടത്ത് രാത്രിയോടെ 13 ക്യാംപുകളായി**

കാക്കനാട് ● ഡാമുകളിൽ നിന്നു തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് വർധിച്ചതോടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ അടച്ചുപൂട്ടിയ ദുരിതാശ്വാസ ക്യാംപുകൾ വീണ്ടും തുറക്കുന്നു. ഇന്നലെ പകൽ ജില്ലയിലെ ദുരിതാശ്വാസ ക്യാംപുകളുടെ എണ്ണം എട്ട് ആയി ചുരുങ്ങിയിരുന്നെങ്കിലും രാത്രിയോടെ ക്യാംപുകൾ 13 ആയി. 320 കുടുംബങ്ങളിലെ ആയിരത്തി അഞ്ഞൂറോളം പേരെയാണു ക്യാംപുകളിലേക്കു മാറ്റിയിരിക്കുന്നത്.

ആവശ്യം വന്നാൽ രാത്രിയും ഇന്നു പുലർച്ചെയുമായി കൂടുതൽ ക്യാംപുകൾ തുറക്കാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്. കലക്ടർ മുഹമ്മദ് സഫിറുല്ലയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ വിഭാഗം ഉദ്യോഗസ്ഥർ ഓരോ മണിക്കൂറിലും സ്ഥിതി വിലയിരുത്തുന്നു. കലക്ടറേറ്റിലെ കൺട്രോൾ റൂമിലേക്കു കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചു.

തഹസിൽദാർമാരും വില്ലേജ് ഓഫിസർമാരും അതതു മേഖലകളിൽ നിന്നുള്ള സ്ഥിതിഗതികൾ അപ്പപ്പോൾ കലക്ടർക്കു നൽകുന്നുണ്ട്. ശനിയാഴ്ചവരെ 75 ദുരിതാശ്വാസ ക്യാംപുകളാണു ജില്ലയിൽ ഉണ്ടായിരുന്നത്.

മഴ കുറയുകയും ജലവിതാനം താഴുകയും ചെയ്തതോടെയാണു പല ക്യാംപുകളും അടച്ചുപൂട്ടി കുടുംബങ്ങളെ വീടുകളിലേക്കു പോകാൻ അനുവദിച്ചത്.